LIBRARY ARCHIVES Kerala Legislative Assembly

കാലപ്പഴക്കംകൊണ്ട് കേടുപാട് സംഭവിച്ച പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ

285(4917) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലപ്പഴക്കംകൊണ്ട് കേടുപാട് സംഭവിച്ച പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ ശക്തിപ്പെടുത്തലും അറ്റകുറ്റപ്പണിയും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൊതുമരാമത്തു വകുപ്പിന്റെ, കാലപ്പഴക്കം മൂലം നാശം സംഭവിച്ചു കൊണ്ടിരിക്കുന്ന പാലങ്ങൾക്ക് പകരം പാലങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കാലപ്പഴക്കം കൊണ്ട് കേടുപാട് സംഭവിച്ചതോ നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതോ ആയ രീതിയിൽ 91 പാലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ പാലങ്ങൾക്ക് പകരം പാലം നിർമ്മിക്കുവാൻ പ്രത്യേക പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പാലങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

റോഡുനവീകരണത്തിനും നിർമ്മാണത്തിനുമായി ഏകോപന സംവിധാനം

286(4918) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുനവീകരണത്തിനും നിർമ്മാണത്തിനുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവൃത്തികൾ നടത്തുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇതിനായി ഒരു പ്രത്യേക ഏജൻസിക്കു രൂപം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം അധികാരങ്ങളാണ് പ്രസ്തുത ഏജൻസിക്കു നൽകുവാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ;

(ഡി) വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഏജൻസികളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

ഉത്തരം

(എ-ഡി) ഈ വിഷയം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

കാലവർഷക്കെടുതിയാൽ തകർന്ന ഗതാഗതയോഗ്യമല്ലാതായ പി.ഡബ്ല്യു.ഡി. റോഡുകൾ

287(4919) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒട്ടുമിക്ക പി.ഡബ്ല്യു.ഡി. റോഡുകളും കാലവർഷ കെടുതിയാൽ തകർന്നു ഗതാഗതയോഗ്യമല്ലാതായ വിവരം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) തകർന്ന പി.ഡബ്ല്യു.ഡി. റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എന്തെല്ലാം അടിയന്തരനടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(സി) അതിനായി നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) 1-6-2014 മുതൽ 30-11-2014 വരെ അനുവദിച്ച തുകയുടെ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഇ) 1-7-2011 മുതൽ 30-11-2014 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി അനുവദിച്ച തുകയുടെ വിശദാംശം സർക്കാർ ഉത്തരവുകൾ സഹിതം നൽകാമോ?

ഉത്തരം

(എ) ചില റോഡുകൾ തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരത്തുവിഭാഗത്തിൻ കീഴിലുള്ള തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി നോൺ പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയപാതയുടെ കീഴിലുള്ള തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി എസ്റ്റിമേറ്റ് മോർത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly